Kannur District Panchayath – DIET Kannur

**മുകുളം സമഗ്ര വിദ്യാഭ്യാസ പദ്ധതി**

**എസ് എസ് എൽ സി മാതൃകാ പരീക്ഷ** - 2021

സമയം : 2 ½ മണിക്കൂർ **സാമൂഹ്യശാസ്ത്രം** ആകെ സ്കോർ : 80

1. **a മുതൽ l വരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം.** ( 12 x 1 = 12 )

a) സൂര്യൻ ഉത്തരായനരേഖയ്ക്ക് നേർമുകളിൽ എത്തുന്ന ദിവസമാണ് ജൂൺ 21. ആ ദിവസം ഏത് പേരിലറിയപ്പെടുന്നു. ഗ്രീഷ്മ അയനാന്ത ദിനം

b) 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യം മുഴങ്ങി കേട്ട സമരമേത് ? അമേരിക്കൻ സ്വാതന്ത്ര്യസമരം

c) 1917-ലെ നീലം കർഷകരുടെ സമരം നടന്ന പ്രദേശം ചമ്പാരൻ

d) സർവ്വകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയ സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മീഷൻ ഏത് ? ഡോ. എസ് രാധാകൃഷ്ണൻ കമ്മീഷൻ

e) താഴെ പറയുന്നവയിൽ മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷത ഏത് ? വിദ്യാഭ്യാസം

f) ഉത്തരായനവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?

- ദക്ഷിണായന രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനം

g) ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ സ്വാധീനിച്ചത് ഗാന്ധിജിയുടെ ഏത് ആശയമാണ് ? ഗ്രാമസ്വരാജ്

h) താഴെ നൽകിയവയിൽ വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടാത്തത് ഏത് ? ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

i) ബ്രഹ്മപുത്ര നദിയുടെ ഉത്ഭവസ്ഥാനം ചെമ - യുങ് - ഡുങ്

j) അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്ന ഉപഭോക്തൃ സംരക്ഷണത്തിനായുള്ള വകുപ്പ് ഏത് ? ലീഗൽ മെട്രോളജി വകുപ്പ്

k) സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത് അഗസ്റ്റ് കോംതെ

l) ഇന്ത്യയുടെ 'ധാന്യപ്പുര' എന്നറിയപ്പെടുന്ന ഭൂപ്രകൃതി വിഭാഗമേത്? ഉത്തര മഹാസമതലം

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

2. അന്താരാഷ്ട്ര ദിനാങ്കരേഖയുടെ പ്രത്യേകതകൾ എന്തെല്ലാം ?

180 ഡിഗ്രി രേഖാംശരേഖ. കരഭാഗങ്ങൾ ഒഴിവാക്കി
പൂർണമായും സമുദ്രത്തിലൂടെ ചിത്രീകരിച്ചിരിക്കുന്നു.
ഈ രേഖയുടെ ഇരുവശങ്ങളിൽ 24 മണിക്കൂറിന്റെ സമയവ്യത്യാസം രേഖപ്പെടുത്തുന്നു.

3. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ ?

ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി
ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു
പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു
കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി
റഷ്യ സാമ്പത്തിക -ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു
1924 പുതിയ ഭരണഘടന നിലവിൽ വന്നു
സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു
ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോവിയറ്റ് സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപക**മായി**

4. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ ?

- ആരോഗ്യമുൾ വ്യക്തികൾ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കായി പ്രവർത്തിക്കുന്നു.
- ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാവുന്നു.
- തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു.
- പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കപ്പെടുന്നു.
- ചികിത്സാ ചിലവുകൾ കുറയുകയും അതുവഴി സർക്കാരിന് സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയുന്നു.
- ഉൽപ്പാദന വർദ്ധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും

5. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ ഏതെങ്കിലും 3 നിർദ്ദേശങ്ങൾ എഴുതുക.

a. പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുക.
b. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കുക.
c. ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കുക.
d. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക

6. സ്വാതന്ത്ര്യാനന്തര ഇന്ത്യ കൈവരിച്ച ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ വിശദമാക്കുക.

- ശാസ്ത്രവ്യാവസായികഗവേഷണസമിതി സ്ഥാപിച്ചു.
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണസമിതി
- ടാറ്റാ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
- ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ
- ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി

7. ഇ. ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ ഏതൊക്കെ ?

- ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും ജനങ്ങൾക്ക് ലഭിക്കുന്നതിന് സഹായകമാകുന്നു.
- വിവരസാങ്കേതികവിദ്യ സേവനരംഗത്ത് പ്രയോജനപ്പെടുത്തുന്നു.
- സർക്കാർസേവനം കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നു.

8. ഉപദ്വീപിയ പീഠഭൂമിയിലെ മണ്ണിനങ്ങളെക്കുറിച്ച് വിവരിക്കുക.

കറുത്തമണ്ണ് പരുത്തികൃഷിക്ക് അനുയോജ്യം ബസാൾട്ട് എന്ന ആഗ്നേയശിലയിൽ നിന്ന് ഉണ്ടായത് . കറുത്തപരുത്തിമണ്ണ് എന്നും അറിയപ്പെടുന്ന

ചെമ്മണ്ണ് താരതമ്യേന ഫലപുഷ്ടി കുറവ് ഇരുമ്പിന്റെ അംശം ഇതിന് ചുവപ്പുനിറം നൽകുന്നു

ലാറ്ററൈറ്റ് മണ്ണ് മൺസൂൺ മഴയും ഇടവിട്ടുള്ള വേനൽക്കാലവും മാറിമാറി അനുഭവപ്പെടുന്ന പ്രദേശത്ത് കാണുന്നു

9. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവത മേഖലയുടെ പങ്ക് വിവരിക്കുക.

- പുരാതനകാലം മുതൽതന്നെ വടക്കുപടിഞ്ഞാറു നിന്നുൾ വൈദേശിക ആക്രമണങ്ങളിൽനിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചുപോരുന്നു.
- മൺസൂൺകാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു.
- ശൈത്യകാലത്ത് വടക്കുനിന്നു വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്കു കടക്കാതെ ചെറുക്കുന്നു.
- വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു.
- ഉത്തരേന്ത്യൻ നദികളുടെ ഉത്ഭവപ്രദേശം.

10. ജപ്പാനിലെ ( 135 ഡിഗ്രി കിഴക്ക് )സമയം രാവിലെ 10 മണി ആയിരിക്കുമ്പോൾ ഇന്ത്യയിലെ ( 82 $^1/_2$ ഡിഗ്രി കിഴക്ക് ) സമയം എത്രയായിരിക്കും ?

11. മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം ?

- വ്യക്തികൾ സ്വ പരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു
- കുടുംബം വ്യതിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം ഒരുക്കുന്നു
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു

12. മെർക്കന്റലിസ്റ്റ് നിയമങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

- സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള കപ്പലുകൾക്കുള്ള നിയന്ത്രണം.
- കയറ്റുമതിനിയന്ത്രണം
- സ്റ്റാമ്പ് നിയമം
- ഇംഗ്ലീഷ് സൈന്യത്തിന് കോളനികൾ സഹായം നൽകണം
- ഇറക്കുമതിച്ചുങ്കം

13. പഞ്ചശീലതത്വങ്ങൾ ഏതെല്ലാം ?

- പരസ്പരസൗഹൃദം നിലനിർത്തുന്നതിനായാണ് കരാർ ഉണ്ടാക്കിയത്.
- പരസ്പരം ആക്രമിക്കാതിരിക്കുക.
- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക എന്നി വയാണ് മറ്റ് വ്യവസ്ഥകൾ.
- പരസ്പരസൗഹൃദം നിലനിർത്തുന്നതിനായാണ് ഇതിലെ ഓരോ വ്യവസ്ഥകളും ഉള്ളത്.

14. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ന്ദ്ര ബോസ് വഹിച്ച പങ്ക് വിവരിക്കുക.

ബോസ് രൂപീകരിച്ച ഐ.എൻ.എ യുടെ നേതൃത്വം നേതാജി ഏറ്റെടുത്തു. സിംഗപൂരിൽ വച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപം നൽകി. ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽ നിന്ന് തുരത്തുക എന്നതായിരുന്നു നേതാജിയുടെ ലക്ഷ്യം. ജപ്പാന്റെ സഹായത്തോടെ നേതാജി യുടെ നേതൃത്വത്തിലുള്ള ഐ.എൻ.എ യ്ക്ക് ഇന്ത്യയുടെ വടക്ക് കിഴക്കൻ അതിർത്തി വരെ എത്തുകയും ഇംഫാലിൽ ദേശീയ പതാക ഉയർത്തുകയും ചെയ്തു.

15. ധരാതലീയ ഭൂപടത്തിലെ ഈസ്റ്റിങ്സിന്റെ സവിശേഷതകൾ ഏവ ?

ധരാതലീയ ഭൂപടങ്ങളിൽ വടക്ക് - തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.
ഇവയുടെ മൂല്യം കിഴക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു
ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് ഇടത്തുവശത്തുള്ള ഈസ്റ്റിങ്സിന്റെ മൂല്യമാണ് പരിഗണിക്കുക.

16. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാം ?

ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക
എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക
സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുക
എല്ലാവർക്കും വിദ്യാഭ്യാസം നൽകുക
വിധവാ പുനർവിവാഹം നടപ്പിലാക്കുക
ശൈശവവിവാഹം നിർത്തലാക്കുക
പുരോഹിത മേതാവിത്വം അവസാനിപ്പിക്കുക

17. പരമാധികാരം എന്നാലെന്ത് ? അതിന്റെ രണ്ട് തലങ്ങൾ ഏവ ?

ബാഹ്യ നിയന്ത്രണമില്ലാതെ ആഭ്യന്തരവിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുൾ പൂർണമായ അധികാരം രാഷ്ട്രത്തിനുണ്ട്. രാഷ്ട്രത്തിന്റെ ഈ അധികാരം പരമാധികാരം എന്നറിയപ്പെടുന്നു.

ആഭ്യന്തര തലം — ഒരു രാഷ്ടത്തിന്റെ ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം

ബാഹ്യതലം — അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായി തീരുമാനമെടുക്കാനുള്ള അധികാരം

18. പടിഞ്ഞാറൻ തീരസമതലത്തിന്റെ സവിശേഷതകൾ ഏവ ?

- അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയി സ്ഥിതിചെയ്യുന്നു
- റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ നീളം
- താരതമ്യേന വീതി കുറവ്
- ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ മൂന്നായി തിരിക്കാം
- കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു
- ഡെൽറ്റകൾ രൂപീകരിക്കുന്നന്നില്ല

19. ഇന്ത്യയിൽ പൊതുചെലവ് വർധിക്കാൻ ഇടയാകുന്ന പ്രധാന കാരണങ്ങൾ ഏവ ?

- ജനസംഖ്യ വർദ്ധനവ്
- പ്രതിരോധ ചെലവിന്റെ വർദ്ധനവ്
- ക്ഷേമ പ്രവർത്തനങ്ങൾ
- നഗരവൽക്കരണം
- പ്രകൃതിക്ഷോഭങ്ങൾ പകർച്ചവ്യാധികൾ

20. വിദൂര സംവേദന സാങ്കേതിക വിദ്യ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?

- കാലാവസ്ഥ നിർണയത്തിന്
- സമുദ്ര പര്യവേഷണത്തിന്
- ഭൂവിനിയോഗം മനസ്സിലാക്കുന്നതിന്
- വരൾച്ച , വെള്ളപ്പൊക്കം എന്നിവ ബാധിച്ച പ്രദേശങ്ങൾ കണ്ടെത്തുന്നതിന്
- ഉൾവനങ്ങളിൽലെ കാട്ടുതീ കണ്ടെത്തുന്നതിനും നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിനും
- വിളകളുടെ വിസ്തൃതി കീടബാധ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്
- വിളകളുടെ വളർച്ച, കീടബാധയുടെ വ്യാപനം എന്നിവ മനസിലാക്കുന്നതിന്

21. ഇന്ത്യയിലെ വിവിധ കാർഷിക കാലങ്ങൾ ഏതെല്ലാം ?

- ഖാരിഫ്
- റാബി
- സൈദ്

22. ഭാരതീയ റിസർവ് ബാങ്കിന്റെ ഏതെങ്കിലും മൂന്ന് ധർമ്മങ്ങൾ എഴുതുക.

- നോട്ട് അച്ചടിച്ചിറക്കൽ .
- വായ്പ നിയന്ത്രിക്കൽ .
- സർക്കാരിൻെറ ബാങ്ക് .
- ബാങ്കുകളുടെ ബാങ്ക്.

23. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ ഏവ ?

- ബംഗാൾ , ബിഹാർ ,ഒറീസ എന്നീപ്രദേശങ്ങളിൽ നടപ്പിലാക്കി
- നികുതി പിരിച്ചിരുന്നത് സെമീന്ദാർമാർ
- നികുതി പിരിക്കുന്ന പ്രദേശത്തിന്റെ ഉടമസ്ഥൻ സമീന്ദാർ ആയിരുന്നു
- യഥാർഥ കർഷകർ കുടിയാൻമാരായിമാറി
- വിളവിന്റെ 60 % വരെ നികുതിയായി നൽകണമായിരുന്നു
- വിളവ് മോശമായാലും നികുതി നൽകണം
- നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണം
- കോൺവാലീസ് പ്രഭു നടപ്പിലാക്കി

24. ഫാഷിസത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

ജനാധിപത്യത്തോടുള്ള വിരോധം
സോഷ്യലിസത്തോടുള്ള എതിർപ്പ്
തീവ്ര ദേശീയത പ്രചരിപ്പിക്കൽ
ഭൂതകാലത്തെ പ്രകീർത്തിക്കൽ
രാഷ്ട്രത്തെ മഹത്വം വൽക്കരിക്കൽ
വംശ മഹിമ ഉയർത്തി പിടിക്കൽ
യുദ്ധത്തെ മഹത്വവൽക്കരിക്കൽ
കല ,സാഹിത്യം ,വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയപ്രചരണം
സൈനിക സ്വേച്ഛാധിപത്യം
രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ

25. പൗരബോധം നേരിടുന്ന വെല്ലുവിളികളെ എങ്ങനെ മറികടക്കാം ?

- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക
- പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപ്പര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുക
- മറ്റുള്ളവരിൽ നിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നു തുടങ്ങുക
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം**

26.

| **മാസങ്ങൾ** | **സൂര്യന്റെ അയനം** | **ഋതുക്കൾ ഉത്തരാർധഗോളം** |
|---|---|---|
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായനരേഖയിലേക്ക് | ------------a------------ വസന്തകാലം |
| ------------b------------ ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ------------c------------ ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം |
| ------------d------------ ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം |

27. വിദ്യാഭ്യാസം മാനവ വിഭവശേഷി വികസനത്തെ സഹായിക്കുന്നതെങ്ങനെ ?

വ്യക്തികളുടെ കഴിവ് മെച്ചപ്പെടുന്നു.
സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ്‌ലഭിക്കുന്നു.
മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭിക്കുക.

28. കാലഗണനാ ക്രമത്തിലെഴുതുക.

- ബോസ്റ്റൺ ടീ പാർട്ടി 1773
- ഒന്നാം കോണ്ടിനന്റൽ കോൺഗ്രസ് 1774
- അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം 1781
- പാരിസ് ഉടമ്പടി 1783

29. ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം ?

ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിൽ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിൻ മേൽ ചുമത്തുന്ന നികുതിയായിരുന്നു

ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു
തദ്ദേശീയരായ ചെറുകിട ഉപ്പ് ഉൽപാദകർക്ക് ഉപ്പു ഉണ്ടാക്കുന്നതിൽ ബ്രിട്ടീഷുകാർ നിരോധനം ഏർപ്പെടുത്തി
ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു
സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്

30. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ ഏവ ?

സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
വംശീയവാദത്തോടുള്ള വിദ്വേഷം
ഐക്യരാഷ്ട്രസഭയോടുള്ള വിശ്വാസം
സമാധാനപരമായ സഹവർത്തിത്വം
പഞ്ചശീലതത്ത്വങ്ങൾ
വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
ചേരിചേരായ്മ

31. പൊതു ഭരണത്തിന്റെ പ്രാധാന്യമെന്ത് ?

ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
ജനക്ഷേമം ഉറപ്പാക്കുന്നു
ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു

32. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ ഏവ ?

ഗാന്ധിജിയുടെ സമര രീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു
വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്ന
ദേശീയപ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു
പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി
എല്ലാവിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി

33. നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ ഏവ ?

കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണമേർപ്പെടുത്തി
പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു
സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു
നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിത ഉണ്ടാക്കി

34. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ ഏവ ?

ശ്രേണീപരമായ സംഘാടനം
സ്ഥിരത
യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം
രാഷ്ട്രീയ നിഷ്പക്ഷത
വൈദഗ്ധ്യം

35. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാധ്യമായത് എങ്ങനെയെന്ന് വിവരിക്കുക.

1. സർദാർ വല്ലഭായി പട്ടേലിന്റെ ചുമതലയായിരുന്നു നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ചേർക്കുകയെന്നത്
2. പട്ടേലും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ട വി പി മേനോനും ചേർന്ന് ലയനക്കരാർ രൂപീകരിച്ചു
3. ലയനക്കരാർ പ്രകാരം പ്രതിരോധം വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെനിയന്ത്രണം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ സർക്കാറിന് നൽകണം
4. ജനകീയപ്രതിഷേധങ്ങൾ ഇന്ത്യാഗവൺമെന്റിന്റെ പ്രായോഗിക സമീപനം എന്നിവകൊണ്ട് ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ചു
5. ഹൈദരാബാദ് കാശ്മീർ ജുനഗഡ് എന്നീനാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും പിന്നീട് ഇന്ത്യൻ യൂണിയനിൽ ചേർത്തു

36. ചുവടെ തന്നിരിക്കുന്ന ഭൂവിവരങ്ങളെ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

a)ആരവല്ലി പർവതം b)ഛോട്ടാ നാഗ്പൂർ പീഠഭൂമി
c)ഗോദാവരി നദി d)കച്ച് ഉപദ്വീപ്

37. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| അയ്യങ്കാളി | സാധുജനപരിപാലന സംഘം |
| ശ്രീനാരായണ ഗുരു | ശ്രീനാരായണ ധർമ്മ പരിപാലന യോഗം |
| വക്കം അബ്ദുൾ ഖാദർ മൗലവി | തിരുവിതാംകൂർ മുസ്ലിം മഹാജനസഭ |
| വി ടി ഭട്ടതിരിപ്പാട് | യോഗക്ഷേമസഭ |

38. ആഗോള വാതങ്ങൾ എന്നാൽ എന്ത് ? പ്രധാനപ്പെട്ട ആഗോള വാതങ്ങൾ ഏതെല്ലാം ?

- ആഗോള മർദമേഖലകൾക്കിടയിൽ വീശുന്ന കാറ്റുകളെ ആഗോള വാതങ്ങൾ എന്നു വിളിക്കുന്നു.
- വാണിജ്യ വാതങ്ങൾ
- പശ്ചിമ വാതങ്ങൾ
- ധ്രുവീയപൂർവവാതങ്ങൾ

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം**

39. 'ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വങ്ങളും ചിന്തകന്മാരുടെ ആശയങ്ങളും ഫ്രഞ്ച് വിപ്ലവത്തിന് കാരണമായി' - വിശദമാക്കുക.

40. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങളെ താഴെ നൽകിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

- സിവിൽ നിയമലംഘനം
- ക്വിറ്റിന്ത്യാ സമരം

41. സമയനിർണയവുമായി ബന്ധപ്പെട്ട ഗ്രീനിച്ച് സമയം, സ്റ്റാൻഡേർഡ് സമയം എന്നിവയെക്കുറിച്ച് വിവരിക്കുക.

ഗ്രീനിച്ച് സമയം

-പൂജ്യം ഡിഗ്രി രേഖാംശ രേഖ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു.

-ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയംനിർണയിക്കപ്പെടുന്നത്.

-അതിനാൽ ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നു.

-ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയ വ്യത്യാസം ഉള്ള 24 സമയ മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.

-ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്ന് പറയുന്നു.

സ്റ്റാൻഡേർഡ് സമയം

-വിവിധ രേഖാംശങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ അതാതിടങ്ങളിലെ പ്രാദേശികസമയം പരിഗണിച്ചാൽ അത് പല അവസരങ്ങളിലും ആശയക്കുഴപ്പമുണ്ടാക്കും.

-ഇതു പരിഹരിക്കാൻ രാജ്യത്തിന്റെ കേന്ദ്രഭാഗത്ത് കൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്തെ മുഴുവൻ പൊതു സമയമായി കണക്കാക്കുന്നു.

-രാജ്യത്തിന്റെ ഏറെക്കുറെ മദ്ധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശരേഖ മാനകരേഖാംശമായി (സ്റ്റാൻഡേർഡ് മെറിഡിയൻ) പരിഗണിക്കുന്നു.

-മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനക സമയം(സ്റ്റാൻഡേർഡ് സമയം).

42. ഹിമാലയൻ നദികളുടെയും ഉപദ്വീപിയ നദികളുടെയും സവിശേഷതകൾ വിശദമാക്കുക.

| ഹിമാലയൻ നദികൾ | ഉപദ്വീപിയ നദികൾ |
|---|---|
| - ഹിമാലയൻ പർവ്വതനിരകളിൽ നിന്നും ഉത്ഭവിക്കുന്നു<br>- അതിവിസ്തൃതമായ വൃഷ്ടിപ്രദേശം<br>- അതിശക്തമായ അപരദന തീവ്രത<br>- പർവത മേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു<br>- സമതലങ്ങളിൽ വളഞ്ഞുപുളഞ്ഞ ഒഴുകുന്നു<br>- ഉയർന്ന ജലസേചന ശേഷി<br>- ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യം | - ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു<br>- താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം<br>- അപരദന തീവ്രത താരതമ്യേന കുറവ്<br>- കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധമായ താഴ്വരകൾ സൃഷ്ടിക്കുന്നില്ല<br>- കുറഞ്ഞ ജലസേചന ശേഷി<br>- ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ്<br>- ഉപദ്വീപിയ നദികളിൽ വെള്ളച്ചാട്ടങ്ങൾ സാധാരണമാണ് |